# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർബിഐ/2020-21/19
ഡിഒആർ.നം.ബിസി.ബിസി/6/21.04.048/2020-21

ഓഗസ്റ്റ് 6, 2020

എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾക്കും
(റീജിയണൽ റൂറൽ ബാങ്കുകൾ ഉൾപ്പെടെ)

മാഡം / പ്രിയപ്പെട്ട സർ,

**കാർഷികേതര ആവശ്യങ്ങൾക്കായി നൽകുന്ന സ്വർണ്ണപ്പണ്ട പണയ വായ്പകൾ**

2014 ജൂലൈ 22-ാം തീയതിയിലെ സർക്കുലർ ഡിബിഒഡി.നം.ബിപി. ബിസി.27/21.04.048/2014-15, 2017 ഫെബ്രുവരി 16-ാം തീയതിയിലെ സർക്കുലർ ഡിബിആർ. ആർആർബി.ബിസി.നം.53/31.01.001/2016-17 എന്നിവ ദയവായി പരിശോധിക്കുക. നിലവിലുള്ള മാർഗ്ഗരേഖകൾ പ്രകാരം സ്വർണ്ണാഭരണങ്ങളുടെയും പണ്ടങ്ങളുടെയും പണയത്തിൻമേൽ ബാങ്കുകൾ അനുവദിക്കുന്ന വായ്പകൾ സ്വർണ്ണാഭരണങ്ങളുടെയും പണ്ടങ്ങളുടെയും വിലയുടെ 75 ശതമാനത്തിൽ കവിയാൻ പാടില്ല.

2. കുടുംബങ്ങളുടെയും സംരംഭകരുടെയും ചെറുകിട ബിസിനസുകളുടെയും മേൽ കോവിഡ് 19 മൂലമുണ്ടായ സാമ്പത്തിക പ്രത്യാഘാതം കൂടുതൽ ലഘൂകരിക്കുകയെന്ന ഉദ്ദേശ്യത്തോടെ, കാർഷികേതര ആവശ്യങ്ങൾക്കായി സ്വർണ്ണാഭരണങ്ങളുടെയും പണ്ടങ്ങളുടെയും പണയത്തിൻമേൽ നൽകുന്ന വായ്പകളിൽ അനുവദനീയമായ വായ്പാ-സ്വർണ്ണ മൂല്യ അനുപാതം 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോവിഡ് 19 കാരണമായി വായ്പക്കാരുടെ കൈവശമുള്ള പണത്തിന്റെ കാര്യത്തിൽ താത്കാലികമായുണ്ടാകുന്ന പൊരുത്തമില്ലായ്മയെ മറികടക്കാൻ അവരെ പര്യാപ്തമാക്കുമാറ് വർധിപ്പിച്ച വായ്പ - സ്വർണ്ണ മൂല്യ അനുപാതം 2021 മാർച്ച് 31 വരേയ്ക്കും ബാധകമായിരിക്കും. എന്നാൽ 2021 ഏപ്രിൽ 1-നോ അതിനുശേഷമോ അനുവദിക്കുന്ന

പുതിയ സ്വർണ്ണപണയ വായ്പകൾക്കുള്ള വായ്പാ-സ്വർണ്ണമൂല്യ അനുപാതം 75 ശതമാനം തന്നെയായിരിക്കും.

3. മുകളിൽ പരാമർശിക്കപ്പെട്ട സർക്കുലറുകളിലെ മറ്റ് വ്യവസ്ഥകളും നിബന്ധനകളും ബാധകമായി നിലനിൽക്കുന്നതാണ്.

താങ്കളുടെ വിശ്വസ്തതയുള്ള

(സൗരവ് സിൻഹ)
ചീഫ് ജനറൽ മാനേജർ- ഇൻ- ചാർജ്